"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉറവൂർ ഗ്രാമപഞ്ചായത്ത് - എഫ്.എച്ച്.സി യുടെ ഉത്ഘാടന ചെലവുകൾക്കായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1212/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

---

പരാമർശം:- 1 ഉറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.2020 ലെ A3-574/2020 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 15.12.2020 ലെ PAN/9557/2020-G1(DP) നമ്പർ കത്ത്.

### ഉത്തരവ്

ഉറവൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച എഫ്.എച്ച്.സി യുടെ ഉത്ഘാടനം 2020 ഫെബ്രുവരി ഒന്നിന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി നിർവ്വഹിക്കുകയുണ്ടായിയെന്നും, ടി ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 74,980/- -രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും, ഉത്ഘാടന ചടങ്ങുകൾക്ക് അധികമായി 49,980/- -രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും ഉറവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെടുകയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്യുകയും ചെയ്തു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉറവൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച എഫ്.എച്ച്.സി യുടെ ഉത്ഘാടന ചടങ്ങിനായി അധികമായി 49,980/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, ഉറവൂർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ